# ഭാരതസന്ദേശം.

എം. സി. കെ. നമ്പ്യാർ, III B. Com.

ഭാരതാംബികെ! ആർഷ-
സംസ്കാരപ്രഭാപൂര-
താരമെ! വസുന്ധരെ!
മാതാവെ! നമോവാകം.
ത്യാഗസൌഭഗം പൂണ്ടും
താവക ചരിതങ്ങ-
ളാഗമോദിതങ്ങളി-
ന്നെമ്പാടും വിദിതങ്ങൾ.
ശാശ്വതസമാധാനം
വളർത്താൻ തീജ്ജ്വാലയെ
വീശുമിന്നത്തെ രാഷ്ട്ര-
മീമാംസാവിദഗ്ദ്ധർക്കും
മതിയിൽ തെളിയാത്ത
ശാന്തിതൻ സന്ദേശങ്ങൾ
പതിവായ് പാടിപ്പോന്നൂ
നിന്മക്കളും മുറയായി.
യാതൊരു തത്ത്വം വിശ്വം
പരത്തീ മഹാ“ബുദ്ധ-
ദേവ”രും, ‘ജിനാചാര്യ’-
‘നക്ബറ’ും ‘മഹാത്മാ’വും
അസ്സർവ്വസാഹോദര്യ
സമ്പന്നമത്രെ നൂന-
മാസേതുഹിമാചലാ-
ധിഷ്ഠിതേ, തവ ഗീതം
ശാന്തിയെപ്പടവാളായാ-
ത്മരക്ഷകരായ്ക്കൊണ്ട-
‘ഗാന്ധി’തൻ സന്ദേശങ്ങ-
ളിന്ത്യതൻ സന്ദേശങ്ങൾ.
താവകോദ്യാനോൽഭൂത-
സൌഗന്ധസംവാഹിയാം
പാവനപവനനമൂലം-
ക്കൊള്ളുവതിസ്സന്ദേശം
വീതസംശയ മൂല-
കൊക്കെയും വിളങ്ങട്ടേ
സ്വാതന്ത്ര്യബാലാരുണ-
ദീധിതിപ്രകരങ്ങൾ
ഹിംസ, യജ്ഞത, ദുരാ-
ചാരമെന്നിവ ദൂരെ
ധ്വംസനം ചെയ്യാനെല്ലാ-
ലോകവും മുതിരട്ടേ.
നീങ്ങണമതിവേഗം
പാരതന്ത്ര്യമാമാന്ധ്യം
പൊങ്ങണം വിശ്വം നീളേ
സ്വാതന്ത്ര്യനവോന്മേഷം.
വെന്തുനിർജ്ജീവം നില്ക്കും
വിസ്തൃത വിശ്വത്തിന്റെ
മൺതരികളിൽപോലും
കതിർവയ്ക്കുകവേണം
സ്നേഹവും സമത്വവും
സത്യവും തുടങ്ങിയ
മോഹനമഹൌഷധി-
വർഗ്ഗങ്ങളൊന്നൊന്നായി.
ആർഷഭൂമിയിലെങ്ങും
കാണുമീയനഘമാ-
മൌഷധി സുലഭമാ-
ണെല്ലാർക്കുമൊരുപോലെ
പ്രേമചോദിതമായി
ലോകമേ ശശ്വൽസൌഖ്യ-
സീമയിൽപ്പുലരുവാൻ
ശാന്തിയെപ്പുണർന്നാലും.

# സ്മരണയിൽ.

(പി. കെ. കുഞ്ഞിക്കൃഷ്ണൻ നമ്പ്യാര്, Cl. II.

അമരുകയാണീയുലക മേതോവൻ
മറിമായത്തിൻെറ വലയത്തിൽ
ഇരുളിൻനിശ്ശബ്ദപ്പുണരലിൽ ലോകം
മതിമറന്നുറങ്ങീടുകയാം...........!
നിശതൻനിദ്രയാം തിരകം നീക്കിക്കൊ–
ണ്ടണയും തീവണ്ടിയതിവേഗം
പുകതൻകാളിമപകരുകയാണ–
ഗ്ഗഗനത്തിൽ വീണ്ടുമിരുളേകാൻ!
അതിദയനീയനിനദത്തോടെയാ–
റെയിലുകൾനീളെപ്പുളയവെ.
ഉണരുകയാണെൻ സ്മരണയിൽനിന്നാ–
ദ്ദിനവുമന്നത്തെ വിരഹവും.
ഇരുപതുവർഷം തികയാറായ് മമ
ഹൃദയനാഥൻ വിട്ടകലെയായ്
ഒരുനാൾ സായാഹ്നസമയത്തദ്ദേഹ–
മിവിടംവിട്ടുപോയ്പ്പണിതേടി
അരുമയാമൊരുശിശുവിനെയുമീ-
യഗതിയേയും വിട്ടതിദൂരം!
അവിടത്തെവാഹിച്ചുകലുമാവണ്ടി–
യധികനേരം നിന്നിതുമില്ല;
ഒരുനോക്കിലാശാകുസുമങ്ങൾ പൂത്ത
മലർവാടികണ്ടാ വദനത്തിൽ
അഹ കഷ്ടം ദുഃഖവിവശമാമൊരു
ഹൃദയമുണ്ടെന്നോലതിനുള്ളിൽ
അകലുമാത്രമിവളേയുംകൊഞ്ചി–
ക്കുഴയുമോമനമകനെയുമെ
മതിവരാത്ത മട്ടമിതരാഗത്താ–
ടഹഹ നോക്കിനിന്നതിശാന്തം...........!
ഒരുതുള്ളിക്കണ്ണീരടരുകയായ്തൻ–
പ്രിയതമക്കുള്ളൊരുപഹാരം?
അകലെശ്ശൂന്യതാഹൃദയത്തിൽവണ്ടി
മറയുകയായ്—ഹാ സകലവും
ഇവൾമാത്രം കണ്ടില്ലതുമുഴുവൻ നി–
ശ്ചലമെൻകണ്ണിലുമിരുൾകേറി
ഒടുവിലച്ചുരയെന്നതിമൃദുവാമൽ–
ത്തനയൻചൊല്ലുകേട്ടിവളെത്തെട്ടി
ഉയരുംശ്ശൂന്യതയിരുളിൽച്ചേർന്നുപോയ്;
പരിസരവുമെൻ ഹൃദയവും!
റെയിലിൻപാളങ്ങൾ നിലവിളിക്കുമ്പോ–
ളിവളോർക്കും നിൻെറ വരവിനെ
ഉണരുമപ്പൊഴെൻ സ്മരണയിൽനിന്നാ–
ദ്ദിനവുമന്നത്തെ വിരഹവും!

ഗദ്യകവിത.

# സ്നേഹത്തിന്റെ തണലിൽ

എ. പി. ഇബ്രാഹിം കുട്ടി, II U. C.

ദിവ്യവും, പരിശുദ്ധവുമായ സ്നേഹം!

അന്തഃകരണത്തിന്റെ നിർമ്മലതലങ്ങളിലുദിച്ച്, ആത്മാർത്ഥതയുടെ സമഞ്ജസ സംഗീതവുമാലപിച്ചുകൊണ്ട്, ആത്മാവുകളിൽനിന്നും ആത്മാവുകളിലേക്കു പുളച്ചു തെളച്ചൊഴുകുന്ന നിർമ്മലമായൊരു നിർഝരിയാണത്! അനവദ്യസുന്ദരമായ വിശ്വസ്നേഹം!

കറയററ, കാപട്യത്തിന്റെ കണികകലരാത്ത, കരളിന്റെ സ്വച്ഛനീലിമയിൽ ആത്മാർത്ഥതയുടേയും അടിയുറച്ച വിശ്വസ്തതയുടേയും കൊച്ചുകൊച്ചലകളാൽ അനവരതം താലോലിക്കപ്പെട്ട് വളരുന്ന സുന്ദരമായൊരു പൊൻതാമര! അതിന്റെ പൊൻചഷകത്തിൽ ആനന്ദാനുഭൂതിയൂട്ടുന്ന വിശ്വസ്നേഹത്തിന്റെ വിശുദ്ധമായ മകരന്ദമുണ്ട്!
വിങ്ങുന്ന ഹൃദയവേദനകൾക്കും;

ഹൃദയത്തിന്റെ മൂലതലങ്ങളിൽനിന്ന് വിങ്ങുന്ന വിചാരങ്ങളാൽ പിഴിഞ്ഞെടുക്കപ്പെടുന്ന കണ്ണുനീർകണങ്ങൾക്കും; നേരെ,

ആ നിർമ്മലസ്നേഹത്തിന്റെ സ്നിഗ്ദ്ധമധുരമായ കരതാരുകൾ താണുവരും! ആശയുടെ കിരണങ്ങൾ ആനന്ദത്തിന്റെ പൊൻചിലങ്കകളണിഞ്ഞ് ഹൃദയത്തിന്റെ നനുത്ത തലങ്ങളിൽ നൃത്തം ചവിട്ടും!

യാതന മുററിനിൽക്കുന്ന ജീവിതത്തിന്റെ ദുർഗ്ഗമമായ പന്ഥാവിലൂടെ മനുഷ്യന്റെ പ്രയാണത്തിൽ, നാഴികക്കററികൾകണക്കെ ഉയരുന്ന ഓരോ വർഷവും, അള്ളിയള്ളിപ്പിടിക്കുന്ന വേദനകളാൽ മകുടം ചൂടപ്പെട്ടുകൊണ്ടു നിൽക്കുകയാണ്!! എങ്കിലും....
ആ വിശ്വപ്രേമത്തെക്കുറിച്ച് ഹൃദയം മർമ്മരം പാടിക്കൊണ്ടിരിക്കുമ്പോഴെല്ലാം തന്നെ,

തളരാതെ മുന്നോട്ട് പാദവിന്യാസംചെയ്യാൻ മനുഷ്യന്റെ കഴിവിന്ന് പരിധി വിപുലമാകുന്നതേയുള്ളു!
[illegible] വീഴുന്ന ആനന്ദത്തിന്റെ കണികകൾ രൂപഭേദത്തിന്നു വിധേയമാകുമ്പോൾ, അതെ—
[illegible] വേദന കടഞ്ഞെടുത്ത, നില്ക്കാത്ത കണ്ണീർധാരയായിത്തീരുമ്പോൾ. വിറച്ചുനിന്ന വിശ്വാസത്തിന്റെ ശാന്തതലങ്ങൾ നിതാന്തഗംഭീരമായ ഭീതിയുടെ അലകളാലാവൃതമാകുമ്പോൾ,

മർമ്മരസംഗീതം പൊഴിച്ചുകൊണ്ടണയുന്ന മന്ദപവനനും,
ആ കുളിരലകളുടെ കരതാരുകളാൽ നൃത്തമഭ്യസിപ്പിക്കപ്പെടുന്ന പച്ചപിടിച്ച ലതാനികുഞ്ജങ്ങളും,
നിർമ്മലവും നിത്യസുന്ദരവുമായ വിശ്വപ്രേമത്തിന്റെ മധുരമേറിയ സ്മരണകൾ തട്ടിയുണർത്തും;

താങ്ങാനാവാത്ത, വിങ്ങുന്ന കദനത്തിന്റെ കനത്ത ഭാരവുമേന്തി നൈരാശ്യത്തിന്റെ നിഴലുകളിലിഴഞ്ഞിഴഞ്ഞടിയുന്ന മനുഷ്യന്,

ആശയുടേയും, ആവേശത്തിന്റെയും, ആത്മവിശ്വാസത്തിന്റെയും ഈടുററ പക്ഷങ്ങളേകി, അവനെ,
ജീവിതവിജയത്തിന്റെ വെൺമണിമച്ചിലേക്കാനയിക്കുന്ന മഹത്തായ മാർഗ്ഗദർശിയത്രെ സ്നേഹം;

അത് ആത്മാവിന്റെ സംഗീതവും, ആനന്ദത്തിന്റെ അവിശ്രമധാരയുമത്രെ!
പരസ്പരവിശ്വാസത്തിന്റെ— ആത്മാർത്ഥതയുടെ,: ചോരാ—

അനർഘമായ ആത്മവിശ്വാസത്തിന്റെകൂടി
നിർമ്മലമായ താഴ്വരകളിലൂടെ, ഐക്യത്തിന്റെയും സഹകരണസന്നദ്ധതയുടെയും പാട്ടുകൾ പാടിക്കൊണ്ട് കുണുങ്ങിച്ചിരിച്ചൊഴുകുന്ന സുന്ദരമായ ഒരഴകിന്റെ അരുവിയാണത്!

ആ വിശ്വപ്രേമത്തിന്റെ ഉടമസ്ഥതയ്ക്ക്,
ത്യാഗത്തിന്റെ ബലിപീഠത്തിൽവെച്ച് ഹൃദയനൈർമ്മല്യത്തിന്റെ മാററ്, അഗ്നിപരീക്ഷണത്തിന്നു വിധേയമായേ തീരൂ....!

ആ അഗ്നിപരീക്ഷണത്തിന്റെ വിജയസിദ്ധിയിൽ, അതെ—
വിശ്വപ്രേമം വിതുമ്പുന്ന നിർമ്മലമായൊരന്തഃകരണത്തിന്റെ ഉടമസ്ഥതയിൽ,

ജീവിതവും, മരണവും, മധുരമായൊരനുഭവമായി മാറുകയാണ്!

# വിടവാങ്ങൽ. I.

(സി. എ. വാരിയർ IV B. Com.)

1

വിടതന്നാലും, പോട്ടേ;—
മൂകമാം വികാരങ്ങൾ—
പടരും ഹൃദയവു—
മായി ഞാൻ പിരിയട്ടെ.

വിടരും സ്മരണതൻ—
പൂക്കളെ നോക്കിക്കൊണ്ടു—
ള്ളടരാനല്ലേ പററൂ—
നീണ്ട ജീവിതമാർഗ്ഗം!

കുറവല്ലൊട്ടും നാലു
വത്സരം കുറിച്ചിട്ട—
ചൊരുചിന്തകളെന്റെ
ജീവിതഗ്രന്ഥത്തിങ്കൽ.

അവ കോർത്തൊരുകൊച്ചു
മാല്യമർപ്പിക്കാമല്ലോ—
തിരുമുന്നുപഹാര—
മേകുവാൻ പിരിയുമ്പോൾ.

എവിടെപ്പുലർന്നാലും
ജീവിതത്തിനെയെന്നു—
മിവിടേക്കിണക്കുന്ന
കണ്ണികളിവയാകാം.

2

പുലരി—ക്കൊരുനാലു
വത്സരംമുമ്പാ—ണെന്നും
വിലയിക്കുന്നു 'സൈറൻ'
വിളിഞാനിങ്ങെത്തുമ്പോൾ.

അറിവാനായില്ലെന്നി—
ന്നോട്ടവാതെഴുന്നേല്ക്കാൻ
കഴിയാതുള്ളോരസ്ഥി
മാത്രന്മാരതുകേൾക്കേ.

വെള്ളിവായതുകേട്ടു
നിത്യവും, 'വിശപ്പിന്റെ
വിളി'യെന്നതിനെ
ഞാനിപ്പോഴും വിളിക്കുന്നു.

വെറുമീക്കലാലയ
ജീവിതം വിട്ടെ,ന്നോട—
തുളിപ്രായതിപ്പോ;—
നാളുഞാൻ വിഗണിച്ചു.

ഇവിടെപ്പൂക്കണ, ജീവിത
ത്തിരാരഭിനയ—
ച്ചുവശങ്ങളല്ലും;—ഞാന
തെന്തിനായ് മറക്കുന്നു!

3

അതുവികരെനില്ലു,—
മർത്ത്യനെ പ്രകൃതിത—
ന്നരുമക്കുഞ്ഞതാണെന്ന
വാസ്തവമോർമ്മിപ്പിക്കാൻ.

മലകൾക്കിടയിൽപ്പൂ—
ങ്കുലയും കൊണ്ടെത്തുന്ന
പുലരിപ്പെണ്ണിന്നോമൽ
പ്പുഞ്ചിരി കാണുമ്പോഴും.

അകലെപ്പടിഞ്ഞാറ–
ച്ചിമ്മിനി പരത്തുന്ന
പുകയിൽസ്സന്ധ്യാരാഗം
ചേർന്നലിഞ്ഞീടുമ്പോഴും,

പുഴയിൽക്കൊച്ചോളങ്ങൾ
നെയ്ത തോണികൾ നീങ്ങു–
മഴകിൽ ത്തലയാട്ടി–
ത്തെങ്ങുകൾ നില്ക്കുമ്പോഴും,

ഇവിടെപ്പുറക്കെട്ടിൽ–
വിസ്മിതനിവനെത്ര–
ദിവസം കിനാവുകൾ
കണ്ടുകണ്ടിരുന്നില!

4

ധനവാനായിത്തന്നെ
ഞാൻ മടങ്ങട്ടെ, സ്നേഹ–
ധനമാണമൂല്യം ഞാ–
നിവിടെസമ്പാദിച്ചു!

വളരാനാശിക്കുന്നു
മർത്ത്യനെന്നാലും, ചുറ്റും–
വലകെട്ടുന്നു നീതി
യറ്റൊരിസ്സമുദായം.

ഇവിടെസ്സംസ്കാരത്തിൻ
കോവിലെന്നാലും കാണ്മൂ–
യുവരക്തത്തിൻ തേജോ
രാശിയൊന്നുമാറ്റാൻ.

വളരും സൌഹാർദ്ദത്തിൻ
വീചിയിൽത്തകരുന്നു–
വലകൾ:—വലകെട്ടും
കൈകളോ തളരുന്നു!

ശിഖയൊന്നിതു, ജീവിത
ത്തിലെന്നെന്നും, സ്നേഹ–
ശിഖയൊന്നിതു, മാർഗ്ഗ–
ദർശനം ചെയ്തീടാറു്.

5

ഇവിടെച്ചുറ്റും ചോദ്യ
ചിഹ്നമൊന്നിതു കാണാ–
മെവിടെത്തിരിഞ്ഞാലും:
പട്ടിണിത്തൊഴിലാളി!

അതിനുത്തരമാരാ–
ഞ്ഞെത്തി ഞാൻ മനുഷ്യത്വം
കതിരിട്ടൊരു കൊച്ചു
പാതയുള്ളതിലിപ്പോൾ.

തുടരട്ടെ ഞാനെന്റെ
മാർഗ്ഗമങ്ങ;—തിനിപ്പോൾ,
വിടതന്നാലും വിദ്യാകേന്ദ്രമേ,
ഫറൂക്കേ, നീ.

അറിയാ,മൊരുകാല്പാ–
ടെങ്കിലുമെന്റേതായി–
ട്ടറിയാനുണ്ടാകില്ലീ
മണ്ണിലെ,ന്നിരുന്നാലും,

മറവിക്കാവില്ലല്ലോ
കക്കുവാൻ മമ ഹൃത്തി–
ന്നറയിൽ ഞാൻ സൂക്ഷിക്കും
കൈമുതലൊന്നും തന്നെ.

*　　*　　*　　*

വിരിയാൻ ചെണ്ടിട്ടൊരെ–
ന്നാശകളൊരുപക്ഷേ,
കരിയാ;—മതുക്കല്ലേ
ജീവിതോദ്യാനം ചോരു!

# വിടവാങ്ങൽ. II

(സി. ഗോപാലകൃഷ്ണൻ II U. C.)

അറിവുലാവിജ്ഞാനത്തിന്നനവദ്യാരാമമേ,
അനഘസംസ്കാര വിഹാരഭൂവേ,
മഹിത സൌഹാർദ്ദത്തിൻ മാതൃകാഗേഹമേ,
മഹനീയ സ്നേഹത്തിൻ താരകമേ,

അതിരററ സേവനോൽക്കൃഷ്ടമെന്നാട്ടി-
നഭിമാനമാമെൻ കലാലയമേ,

പരിപുഷ്ടയാകട്ടെ ശുക്ലപക്ഷത്തിലെ
പനിമതിപോലെ ദിനേ ദിനേ നീ!

താവകയശസ്സുനാട്ടം ചോർന്നുകൊണ്ടസ്രീ
കുളിർനിലാവിത്ര വെളുത്തുപോയീ?

താവകസന്ദേശമെങ്ങും പരത്തുവാ-
നാവുമീതെന്നൽ ചരിപ്പൂനില്ലേ!

ഇരവിൽനിൻ മാഹാത്മ്യകഥചൊല്ലാറുണ്ടാവാം
രജതതാരാവലിദ്യോവിലെല്ലാം........

ഇവിടെനിൻ തണലിൽ നിവസിച്ചിട്ടൂ ഞങ്ങൾ
നവനവപാഠങ്ങൾ നിസ്തുലങ്ങൾ! [ഹാ!

അറിവിന്റെ ദാഹത്താലുഴറും യുവാക്കൾ നി-
ന്നരികിലണഞ്ഞോട്ടു വിശ്രമിപ്പൂ,
അവരൊന്നായൊരുപോൽ നിൻനികടത്തിൽ നിത്യവു-
മവികലസൌഹൃദമാർന്നു നില്പൂ;
തഴുകീ നീ ഞങ്ങളെത്തന്നഴൽമാററി വാത്സല്യ-
മൊഴുകുന്നോരമ്മ, തൻ മക്കളെപ്പോൽ!

ഇവനാദ്യം ബാല്യഗാത്രനായ് നിന്നുടെ-
സവിധത്തിലാകെത്തരിച്ചു നിന്നു,

ഇന്നെ സുസ്വാഗതം ചിരിപൂണ്ടീയതെൻ-
സ്മരണയിലെന്നും തെളിഞ്ഞുനില്ക്കും!

പ്രിയരാമെൻ ഗുരുക്കളൊത്തിരുവർഷം നീ നല്കു-
മറിവെല്ലാം കേട്ടുഗ്രഹിച്ചൊരീഞാൻ,

വിടവാങ്ങാനിന്നിതാ നില്ക്കുന്നു ഗദ്ഗദം
തടയുന്നു വാക്കുകളുൾത്തലം!

പ്രിയരെൻ സഖാക്കളെ, പോറ്റുവാനാണെവി-
ക്കെല്ലാമാവാകിലോർപ്പാടിൻ വേളയിങ്കൽ,

അകലത്തുനമ്മെയും കാത്തുതാനില്ക്കുന്നു
അതിരററ ജീവിതപ്രശ്നമാകെ;

വിളറാതെ, വഴുതാതെ മുന്നോട്ടു പോകിലേ
വിജയത്തിലെത്തുവാൻ സാദ്ധ്യമാകൂ........

മറവിഹാ! തീണ്ടാതിരിക്കട്ടെ മേലിലും
പരിശുദ്ധമാകുമീ സൌഹൃദത്തെ!

കറയററ ഭക്ത്യാ കരം കൂപ്പി നില്ക്കുന്നു
ഗുരുവരന്മാരെ, യുവാക്കൾ ഞങ്ങൾ

അരുളുവിനാശിസ്സീപ്രിയശിഷ്യർക്കതാലാ-
മർത്തരായ് ഞങ്ങൾ മുന്നേറിടട്ടെ.

* * * * *

വിടവാങ്ങിക്കൊള്ളട്ടെ മൽകലാഗേഹമേ!
വിടയും മനസ്സുമായിന്നിതാ ഞാൻ........
അകമേ ജ്ഞാനത്തിൻ ദീപ്തി പൊഴിച്ചു നീ,
ഇക്ഷിതി തന്നിൽ ജയിപ്പൂതാക!!